**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br>അസിസ്റ്റന്റ് സർജൻ – 1<br>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ – 2<br>( ഇതിൽ ഒരൊഴിവിൽ പി എസ് സി നിയമനം നൽകിയിരുന്ന ഡോക്ടർക്ക് പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടിയാൾ 07.06.2024 ന് ജോലിയിൽ പ്രവേശിക്കുവാൻ ഹാജരായിട്ടുണ്ട്. മറ്റൊരു ഡോക്ടർ 07.04.2024 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്നത് വഴി വന്നതാണ് രണ്ടാമത്തെ ഒഴിവ്. ടി ഡോക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.)<br>ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) – 1<br>(21.02.2024 മുതൽ അനധികൃത അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവ്. അനധികൃത അവധി DMO റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു) |
| (ബി) | ഡോക്ടർമാർ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം വിവിധ അവധികളിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അവധിയിൽ പ്രവേശിക്കുന്ന ഡോക്ടർമാർക്ക് പകരമായി ഡോക്ടർമാരെ നിയമിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജി വിഭാഗത്തിലെ 2 ഡോക്ടർമാർ തുടർച്ചയായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അവധി എടുത്തിട്ടുള്ളതായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ശാരീരിക അവശത കാരണം അവധിയിൽ പ്രവേശിക്കുമ്പോൾ പകരം നിയമനം നടത്തുവാൻ നിർവാഹമില്ല. സ്ഥിരം ഒഴിവിലേക്കാണ് പകരം നിയമനം നടത്തുവാൻ കഴിയുന്നത്. ടി ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി മെഡിക്കൽ ബോർഡ് |

| | | | |
|---|---|---|---|
| | | | കൂട്ടുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുവാൻ സാധിക്കും. നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) തസ്തികയിലെ ഒഴിവ് Placement മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.<br><br>ആശുപത്രി തലത്തിൽ (എൽ.എസ്.ജി.ഡി) പ്രോജക്റ്റ് മുഖേനയും എൻ.എച്ച്.എം മുഖേനയും താൽക്കാലിക നിയമനം നടത്തി വരുന്നു. നിലവിൽ എൻ എച്ച് എം മുഖേന നാല് ഡോക്ടർമാരും പഞ്ചായത്ത് പ്രോജക്റ്റ് മുഖേന 2 ഡോക്ടർമാരും ജോലി ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ